**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം 2784 — 19.12.2012 ൽ മറുപടിക്ക്

**ഗ്രാമീണ ടൂറിസം വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. എ.പി.അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ഗ്രാമീണ ടൂറിസം വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദാംശം സഹിതം വ്യക്തമാക്കുമോ; | എ) . കേന്ദ്ര ടൂറിസം വകുപ്പിന്റെ റൂറൽ ടൂറിസം പദ്ധതികളിലുൾപ്പെടുത്തി കുമ്പളങ്ങി, ആറൻമുള , ഇടുക്കി ജില്ലയിലെ അണക്കര എന്നിവിടങ്ങളിൽ ഗ്രാമീണ ടൂറിസം പദ്ധതികൾ നിലവിലുണ്ട്. കൊല്ലം ജില്ലയിലെ ക്ലാപ്പനയിൽ ഗ്രാമീണ ടൂറിസം പദ്ധതി നടപ്പിലാക്കി വരുന്നു . കൂടാതെ ഗ്രാമീണ ടൂറിസം വികസനത്തിനായി ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം' പദ്ധതി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയിലൂടെ ഗ്രാമങ്ങളിലുള്ള അറിയപ്പെടാത്ത ടൂറിസം സാദ്ധ്യതയുള്ള പ്രദേശങ്ങൾ, ടൂറിസം ആകർഷണീയതകൾ, സാഹസിക ടൂറിസം സാദ്ധ്യതകൾ എന്നിവ ടൂറിസ്റ്റുകൾക്ക് അനുഭവവേദ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| ബി) അനുബന്ധ വികസനത്തിനായി എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | ബി) ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ